Draft #7 of File 2185/AD A3/1/2019/AD A 3 Approved by DEPUTY REGISTRAR I ADMINISTRATION on 09-May-2019 03:29 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ക്ലറിക്കൽ അസിസ്റ്റന്റ് സ്ഥാനക്കയറ്റം - സർവകലാശാല ഉത്തരവ് പരിഷ്കരണം എന്നിവ അനുവദിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 1975/AD A 3/2019/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 09.05.2019

---

പരാമർശം:-1 . 15/10/2017 ലെ ഓഫീസിൽ അറ്റെൻഡർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

2. മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്സ് 1997 ലെ അദ്ധ്യായം 4 ഭാഗം 2 , ചട്ടം 10(1).

3. സർവകലാശാല ഉത്തരവ് നമ്പർ 1859/AD A3/2019/എം ജി യു തീയതി 03.05.2019.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന സന്തോഷ്കുമാർ സി ടി 13.03.2019 ൽ ആകസ്മികമായി നിര്യാതനായതിനെ തുടർന്ന് 14.03.2019 ൽ ഒരു ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഒഴിവു വന്നിട്ടുണ്ട്. പരാമർശം (3) പ്രകാരം 30.04.2019 വരെയുള്ള ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തിയിരുന്നു. പരാമർശം (1) പ്രകാരം അടുത്ത ഊഴക്കാരിയായ ശ്രീമതി ദിവ്യാമോൾ വി പി ക്ലറിക്കൽ അസിസ്റ്റന്റ് സ്ഥാനക്കയറ്റത്തിന് അവശ്യ യോഗ്യതയായ എസ് എസ് എൽ സി / തുല്യതാ പാസ്സായിട്ടുള്ളതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു ഉറപ്പുവരുത്തുകയും ടി വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിഗണിച്ചു ശ്രീമതി ദിവ്യാമോൾ വി പി , ഓഫീസ് അറ്റെൻഡന്റ് (ഹ .ഗ്രേ ) നെ 18000-41500 രൂപ ശമ്പള നിരക്കിൽ പട്ടികയിൽ സൂചിപ്പിക്കും പ്രകാരം ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിൽ താത്കാലികമായി സ്ഥാനക്കയറ്റം അനുവദിച്ചു കൊണ്ടും ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ക്ലറിക്കൽ അസിസ്റ്റന്റ് മാരുടെ സ്ഥാനക്കയറ്റ തസ്തിക പുനർനിർണയിച്ചു പരാമർശം (3) ലെ സർവകലാശാല ഉത്തരവ് പരിഷ്കരിക്കുവാനും വൈസ് ചാൻസിലർ (i/c) ഉത്തരവായിരിക്കുന്നു.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നത്/ സ്ഥാനക്കയറ്റം | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്ന ഒഴിവ്/തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്ന സെക്ഷൻ |
|---|---|---|---|---|
| 1 | ശ്രീമതി.സിനിമോൾ എം.കെ (Cl.Asst) | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നത് | സന്തോഷ്കുമാർ സി.ടി 13.03.2019-ൽ ആകസ്മികമായി നിര്യാതനായതിനെ തുടർന്ന് 14.03.2019 ൽ ഉണ്ടായ ഒഴിവ് | -മാറ്റമില്ല |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| | | | | |
| 2 | ശ്രീ.വിനോദ്കുമാർ ടി.ജെ (Cl.Asst) | സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നത് | ശ്രീമതി. ചെല്ലമ്മ എസ് എക്സാം തപാൽ - I സെക്ഷനിൽ നിന്നും 18.03.2019- LPR അവധിയിൽ പ്രവേശിച്ച ഒഴിവ് | മാറ്റമില്ല - |
| 3 | ശ്രീമതി. ദിവ്യാമോൾ വി പി ഓഫീസ് അറ്റൻഡൻറ് (HG) Election Section | ക്ലറിക്കൽ അസിസ്റ്റന്റ് സ്ഥാനക്കയറ്റം | ശ്രീമതി സലിലമ്മ എൻ.എൻ (PD V) 30.04.2019-ൽ വിരമിച്ച ഒഴിവ് | എക്സാം തപാൽ -IV (ശ്രീമതി.വസന്തകുമാരി.എൻ.എസ് Cl.Asst-നെ സ്ഥലം മാറ്റിയതിനെ തുടർന്ന് ഉണ്ടായ ഒഴിവ് ) |

ശ്രീമതി **ദിവ്യാമോൾ വി പി** ക്കു ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ. പരാമർശം (2) പ്രകാരം ടിയാരി ജോലിക്ക് ചേരുന്ന ദിവസം മുതൽ 2 വർഷകാലയളവിനുള്ളിലെ ഒരു വർഷം നിരീക്ഷണകാലമായിരിക്കും. ശ്രീമതി **ദിവ്യാമോൾ വി പി** ബന്ധപ്പെട്ട ഓഫീസർ മുൻപാകെ ആകസ്മിക അവധി വിവരങ്ങൾ സഹിതം ജോലിക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസർ ടിയാളുടെ നിയമന ഉത്തരവ്/ പ്രവേശന റിപ്പോർട്ട് എ ഡി സി / എ ഡി എ 3 സെക്ഷനുകളിൽ താമസംവിനാ എത്തിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ സർവകലാശാല ഉത്തരവ് തദനുസരണം പരിഷ്കരിക്കുന്നു.

ശ്രീരാജ് .ആർ

ഡപ്യൂട്ടി രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. ബന്ധപ്പെട്ട സെക്ഷനുകൾ
3. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ / എഫ് ഓ / സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റ്മാർ
5. എ ആർ / ഡി ആർ / ജെ ആർ (ഭരണം/ധനകാര്യം/പരീക്ഷ )
6. എ ഡി സി I,II,III/ഓഡിറ്റ് V/എഫ് സി സി / ഐ ക്യൂ എ സി / സി എം എസ്
7. ഫിനാൻസ് I,IV
8.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 2185/AD A3/1/2019/AD A 3 Approved by DEPUTY REGISTRAR I ADMINISTRATION on 09-May-2019 03:29 PM - Page 2